പൊതുമരാമത്തു വകുപ്പ് റീജിയണൽ ഓഫീസ്

* 101. [143] ശ്രീ. പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്, കണ്ണൂർ, വയനാട് ജില്ലകളെ കേന്ദ്രീകരിച്ച് പൊതുമരാമത്തു വകുപ്പിന് ഒരു റീജിയണൽ ആഫീസ് സംവിധാനം ഉണ്ടാക്കുന്നതു സംബന്ധിച്ചു വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ ;

(ബി) ഇങ്ങനെ ഒരു സംവിധാനം ഏർപ്പെടുത്തുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) ഈ ജില്ലകൾക്ക് മാത്രമായി റീജിയണൽ ഓഫീസ് സംവിധാനം ഉണ്ടാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് ഒന്നും കിട്ടിയിട്ടില്ല.

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഗാന്ധിജി യൂണിവേഴ്സിറ്റിയിലെ കംപ്യൂട്ടർ സംപ്രദായം

* 102. [144] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ :

,, പി. കെ. കെ. ബാവ :

,, കെ. പി. രാമൻ :

,, സി. ടി. അഹമ്മദ് അലി :

,, എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ മാർക്കുലിസ്റ്റുകൾ തയ്യാറാക്കുന്നതിന് കംപ്യൂട്ടർ സംപ്രദായം ഏർപ്പെടുത്തിയിരിന്നുവോ ;

(ബി) ഇത് വിജയപ്രദമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഏർപ്പെടുത്തിയിരിക്കുന്നു.

(ബി) ഉണ്ട്.

(സി) കംപ്യൂട്ടർ സംപ്രദായം വിജയപ്രദമല്ലെന്ന വാദം ശരിയല്ല. കാരണം കംപ്യൂട്ടറിന് തെറ്റ് പറ്റാറില്ല. എന്നാൽ കംപ്യൂട്ടറിനു അടിസ്ഥാന വിവരങ്ങൾ നൽകുന്നതിൽ പറ്റിയ തെറ്റുകളാണ് അപാകതകൾക്കുകാരണം. ഗുരുതരമായ കമക്കേടുകളോ, വീഴ്ചകളോ ഒന്നും സംഭവിച്ചിട്ടില്ല. ചെറിയ തെറ്റുകൾ കണ്ടുപിടിക്കപ്പെട്ടത് അപ്പോൾ തന്നെ പരിഹരിച്ചിട്ടുണ്ട്.

ടോൾ പിരിച്ച് പാലം പണിയുവാൻ നടപടി

* 103. [145] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോൾ പിരിച്ച് പാലം പണിയുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തരത്തിൽ ഏതെല്ലാം പാലങ്ങൾ പണിയുവാനാണ് ഇപ്പോൾ നിർദ്ദേശമുള്ളത് ;

(സി) നിർമ്മാണ ചെലവിന്റെ അത്രയും ടോൾ പിരിക്കുവാനുള്ള അവകാശം ലഭിച്ചാൽ പാലം പണിയുവാൻ സന്നദ്ധമാണ് എന്നു പറഞ്ഞ് എത്രതങ്കിലും സ്വകാര്യസ്ഥാപനം മുന്നോട്ടു വന്നാൽ ഈ വ്യവസ്ഥ അംഗീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണോ ;

(ഡി) ഏതെല്ലാം പാലങ്ങൾ ഈ തരത്തിൽ പണിയണം എന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് ഇതുവരെ നിവേദനം ലഭിച്ചിട്ടുണ്ട് ;

(ഇ) ഇവയിൻമേൽ എത്രയുംവേഗം തീരുമാനമെടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ;

(എഫ്) പുതിയ പാലങ്ങൾ പണിതുകൊണ്ട് പുതിയ പ്രദേശങ്ങളുടെ പുരോഗതി മുഖ്യമാനദണ്ഡമായി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) പാലം പണികഴിഞ്ഞശേഷമാണ് ടോൾ പിരിക്കുന്നത്. 25 ലക്ഷമോ അതിൽ കൂടുതലോ രൂപ നിർമ്മാണച്ചെലവുള്ളതും സ്റ്റേറ്റിലെ നാഷണൽ ഹൈവേകളിൽ 1-4-1976-നു ശേഷവും സ്റ്റേറ്റ് ഹൈവേകളിൽ 1-7-1983-നു ശേഷവും ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതുമായ പാലങ്ങൾക്ക് ടോൾ പിരിച്ചുവരുന്നു. ടോൾ പിരിവുകൊണ്ട് ടോൾ പിരിക്കാവുന്ന പുതിയ പാലങ്ങൾ നിർമ്മിക്കുണതിന് വ്യവസ്ഥ ഉണ്ട്.

(ബി) സ്റ്റേറ്റ് ഹൈവേകളിൽ നിന്നും ഇതുവരെയുള്ള ടോൾ പിരിവ് ടോൾ പിരിക്കാവുന്ന ഒരു പാലം പോലും നിർമ്മിക്കുന്നതിന് മതിയാകുകയില്ല. അതിനാൽ പല സ്ഥലങ്ങളിലും പാലം പണിയുന്നതിന് നാട്ടുകാരിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഈ തരത്തിൽ ഏതെല്ലാം പാലങ്ങൾ പണിയണമെന്ന് ആലോചിക്കാറായിട്ടില്ല.

(സി) ഇതിന് ഇപ്പോൾ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ ഇപ്രകാരം പ്രപ്പോസൽ ലഭിച്ചാൽ അത് പരിശോധിക്കാവുന്നതാണ്.

(ഡി) ടോൾ പിരിച്ച് പാലം പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. പത്തുകൊല്ലത്തേക്ക് ടോൾ പിരിക്കുന്നതിനുള്ള അവകാശം നല്കിയാൽ ചിമവട്ടത്ത് ഒരു കോസ്വേ സ്വന്തം ചെലവിൽ നിർമ്മിക്കാമെന്നുള്ള ഒരു നിർദ്ദേശം ഒരു സ്വകാര്യകമ്പനിയിൽ നിന്നും ലഭിച്ചിരുന്നു.

(ഇ) സ്വകാര്യ സ്ഥാപനത്തിന്റെ വ്യവസ്ഥകൾ സ്വീകാര്യമല്ലാതിരുന്നതിനാൽ നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചില്ല.

(എഫ്) വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പാലങ്ങൾ പണിയുന്നതിന് ഗതാഗതപ്രാധാന്യം കൂടി കണക്കിലെടുത്ത് മാത്രമേ മുൻഗണന നിശ്ചയിക്കാൻ കഴിയൂ.

പുതിയ റയിൽവേ ലൈനുകൾ

* 104. [146] ശ്രീ. എ. വി. താമരാക്ഷൻ :
,, എ. സി. ഷൺമുഖദാസ് :

LIBRARY ARCHIVES Kerala Legislative Assembly